പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5675

09.07.2012-ലെ
മറുപടിക്ക്.

## അദ്ധ്യാപകയോഗ്യതാ പരീക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) എൽ.പി., യു.പി. സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിന് അദ്ധ്യാപക യോഗ്യതാ പരീക്ഷ പാസായിരിക്കണം എന്ന നിബന്ധന പ്രാബല്യത്തിൽ വന്നത് എന്നു മുതലാണ്; | (എ) വിദ്യാഭ്യാസ അവകാശ നിയമത്തിനനുസൃതമായി കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ നിലവിൽ വന്നത് 30.04.2011നാണ്. അന്നുമുതലാണ് കേരളത്തിൽ യോഗ്യതാ പരീക്ഷ പാസായിരിക്കണമെന്ന നിബന്ധന പ്രാബല്യത്തിൽ വന്നത്. |
| (ബി) പ്രസ്തുത നിബന്ധന നിലവിലുള്ള എൽ.പി.എസ്.എ., യു.പി.എസ്.എ. റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ നിയമനത്തെ ബാധിക്കുമോ; വിശദവിവരം വെളിപ്പെടുത്തുമോ; | (ബി) നിലവിലുള്ള ഉദ്യോഗാർത്ഥികൾക്ക് റ്റി.ഇ.റ്റി. യോഗ്യതയിൽ നിന്നും താൽക്കാലിക ഇളവനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) എയ്ഡഡ് സ്കൂളുകളിൽ പെൻഷൻ/ പ്രൊമോഷൻ ഒഴിവുകളിൽ പ്രസ്തുത തസ്തികകളിൽ ഈ അദ്ധ്യയന വർഷം നിയമിക്കപ്പെട്ട ടി.ഇ.ടി. ഇല്ലാത്ത അദ്ധ്യാപകരെ പ്രസ്തുത ഉത്തരവ് എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) 2011-ലെ കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ആക്ട് നിലവിൽ വന്ന തീയതിയിൽ അക്കാദമിക് അതോറിറ്റി നിശ്ചയിച്ച മിനിമം യോഗ്യതയില്ലാത്ത അദ്ധ്യാപകർ ആക്ട് നിലവിൽ വന്നു കഴിഞ്ഞ് 5 വർഷത്തിനകം പ്രസ്തുത യോഗ്യതകൾ നേടേണ്ടതാണെന്ന് വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ